LIBRARY ARCHIVES Kerala Legislative Assembly

പുഴകളുടെ പാർശ്വ സ്ഥലങ്ങൾ പാട്ടത്തിന് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

116 (5314) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളും പുഴകളിലെ പാർശ്വസ്ഥലങ്ങളും പാട്ടത്തിന് കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ പാട്ടത്തിന് കൊടുത്ത പുഴകളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പുഴകളുടെ പാർശ്വ സ്ഥലങ്ങളാണ് പാട്ടത്തിന് കൊടുത്തതെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ പുഴാതി പഞ്ചായത്തിൽ കക്കാട് പുഴയിൽ മരം ഇടുന്നതിന് സ്വകാര്യ മില്ല് ഉടമയ്ക്ക് നൽകിയിട്ടുണ്ടോ ; ഏത് വർഷം മുതലാണ് പുഴയിൽ മരം ഇടാൻ നൽകിയത് ; എത്ര തുകയാണ് ഈ ഇനത്തിൽ ഫീസ് ഈടാക്കിയതെന്ന് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പുഴയിൽ മരം ഇടുന്നതിന് അവസാനമായി ഫീസ് ഈടാക്കിയതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ, സെക്ഷൻ 9 പ്രകാരമാണ് പുഴകളും പുഴകളിലെ പാർശ്വ സ്ഥലങ്ങളും പാട്ടത്തിന് കൊടുക്കുന്നത്.

(ബി) പാട്ടത്തിന് കൊടുത്തിട്ടില്ല.

(സി) പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ വളപട്ടണം പുഴയുടെയും, ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ മാഹി പുഴയുടെയും പാർശ്വ സ്ഥലങ്ങളാണ് പാട്ടത്തിന് കൊടുത്തിട്ടുള്ളത്.

(ഡി) പാട്ടത്തിന് നൽകിയിട്ടില്ല.

(ഇ) ബാധകമല്ല.

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ കേന്ദ്രം

117 (5315) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം കേന്ദ്രം സ്ഥാപിക്കാനാവശ്യമായ ഫണ്ട് എത്രയാണ് ; കേന്ദ്രത്തിൽ നിന്നും എത്ര തുകയാണ് ലഭിക്കുക ; സംസ്ഥാന സർക്കാരിന് എത്ര തുക ചെലവാക്കേണ്ടിവരുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം കേന്ദ്രം കോഴിക്കോട് ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യതയെക്കുറിച്ചുള്ള ഒരു അറിയിപ്പും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം യൂണിറ്റ് കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിന് അമ്പായത്തോട് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് ഓഫീസ് ആരംഭിക്കുന്നതിനോ താമസസൗകര്യം ഏർപ്പെടുത്തുന്നതിനോ കെട്ടിടങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ ഈ കാലവർഷക്കാലത്തേയ്ക്ക് 10-7-2010-ന് എത്തിയ എൻ.ഡി.ആർ.എഫ്.. സേനയ്ക്ക് കോഴിക്കോട് ജില്ലയിൽ വെങ്ങേരി അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് ഡോർമെട്രിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. താൽക്കാലികമായി സ്ഥാപിച്ചിരിക്കുന്ന ഈ സേനയെ തന്നെ സ്ഥിരമായി നിലനിർത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്നു.

ഇടുക്കി ജില്ലയിൽ പീരുമേട് ആസ്ഥാനമാക്കി കാലവർഷത്തെ നേരിടാൻ 3 മാസത്തേക്ക് (ജൂലൈ - സെപ്തംബർ) കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു താൽക്കാലിക യൂണിറ്റും അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 20,44,970 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

യുവകർമ്മ സേന

118 (5316) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിനുകീഴിൽ യുവകർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) യുവകർമ്മ സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) യുവകർമ്മ സേനയിൽ അംഗങ്ങളെ ചേർക്കുന്നത് എങ്ങനെയാണ് ; ആരൊക്കെയാണ് ഇതിലെ അംഗങ്ങൾ ;

(ഡി) ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ യുവകർമ്മ സേനാംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ടോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വില്ലേജ് അടിസ്ഥാനത്തിൽ ദുരന്തനിവാരണത്തിനായി യുവകർമ്മ സേന രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് യുവജനക്ഷേമ ബോർഡുമായി ചർച്ച ചെയ്തിട്ടുണ്ട്. പ്രത്യേകമായ ഒരു പദ്ധതി ഇതിനായി തയ്യാറാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും യുവകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly